**ALL INDIA RADIO THIRUVANANTHAPURAM**

# ആകാശവാണി, തിരുവനന്തപുരം
# പ്രാദേശിക വാർത്തകൾ

**TIME: 06.30 PM** **DATE:10.10.2025**

## പ്രധാനവാർത്തകൾ

1) **പിഎം ധൻ ധാന്യ യോജനയ്ക്കും, പയറുവർഗ്ഗ സ്വാശ്രയ ദൗത്യത്തിനും പ്രധാനമന്ത്രി നരേന്ദ്രമോദി നാളെ ന്യൂഡൽഹിയിൽ തുടക്കം കുറിക്കും.**

2) **പ്രധാനമന്ത്രിയുമായി മുഖ്യമന്ത്രി പിണറായി വിജയൻ ഇന്ന് ന്യൂഡൽഹിയിൽ കൂടിക്കാഴ്ച നടത്തി. കേരളം അഭിമുഖീകരിക്കുന്ന സുപ്രധാന പ്രതിസന്ധികളിൽ കേന്ദ്ര ഇടപെടൽ ആവശ്യപ്പെട്ടാണ് കൂടിക്കാഴ്ച.**

3) **ശബരിമലയിലെ സ്വർണ്ണപ്പാളിയുമായി ബന്ധപ്പെട്ട തിരിമറിയിൽ അന്വേഷണത്തിന് നിർദേശം നൽകി ഹൈക്കോടതി.**

4) **പോളിയോ നിർമ്മാർജനം ലക്ഷ്യമിട്ടുള്ള പൾസ് പോളിയോ പ്രതിരോധയജ്ഞം സംസ്ഥാനത്ത് മറ്റന്നാൾ നടക്കും**

5) **സമാധാനത്തിനുള്ള 2025 ലെ നൊബേൽ സമ്മാനം വെനസ്വേലയിൽ നിന്നുള്ള ജനാധിപത്യ അവകാശ പ്രവർത്തക മരിയ കൊറീന മച്ചാഡോയ്ക്ക്.**

RNU TVPM

6) വെസ്റ്റ് ഇൻഡീസിനെതിരായ ടെസ്റ്റ് ക്രിക്കറ്റ് പരമ്പരയിലെ രണ്ടാം മത്സരത്തിൽ ഇന്ത്യ രണ്ടു വിക്കറ്റിന് 318 റൺസ് എന്ന നിലയിൽ

## പിഎം ധൻ ധാന്യ യോജന

കാർഷിക മേഖലയിലെ സുപ്രധാന പദ്ധതികളായ പിഎം ധൻ ധാന്യ യോജനയ്ക്കും, പയറുവർഗ്ഗ സ്വാശ്രയ ദൗത്യത്തിനും പ്രധാനമന്ത്രി നരേന്ദ്രമോദി നാളെ ന്യൂഡൽഹിയിൽ തുടക്കം

കുറിക്കും. കാർഷിക ഉൽപ്പാദനക്ഷമത കുറഞ്ഞ 100 ജില്ലകളെ കണ്ടെത്തി കൃഷി വികസനം ഉറപ്പുവരുത്തുകയാണ് ധൻ-ധാന്യ യോജനയിലൂടെ ലക്ഷ്യമിടുന്നത്. കൃഷിഭൂമിയിലെ ജലലഭ്യത, വിള വൈവിധ്യം, വായ്പാ സൗകര്യം, സംഭരണ സംവിധാനങ്ങൾ എന്നിവ ഇതിലൂടെ ഉറപ്പുവരുത്തും. പയറുവർഗ്ഗങ്ങളുടെ ഉത്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുകയാണ് സ്വാശ്രയ ദൗത്യത്തിലൂടെ ലക്ഷ്യമിടുന്നത്.

## മുഖ്യമന്ത്രി-പ്രധാനമന്ത്രി(ഇൻട്രോ)

RNU TVPM

പ്രധാനമന്ത്രി നരേന്ദ്രമോദിയുമായി മുഖ്യമന്ത്രി പിണറായി വിജയൻ ഇന്ന് ന്യൂഡൽഹിയിൽ കൂടിക്കാഴ്ച നടത്തി. കേരളം അഭിമുഖീകരിക്കുന്ന സാമ്പത്തിക പ്രശ്നങ്ങളും, ഏറെക്കാലമായി ഉന്നയിക്കുന്ന സുപ്രധാന വിഷയങ്ങളും മുഖ്യമന്ത്രി പ്രധാനമന്ത്രിയെ ധരിപ്പിച്ചു. വിഷയങ്ങളിൽ അടിയന്തര കേന്ദ്ര ഇടപെടൽ ആവശ്യപ്പെട്ടതായും മുഖ്യമന്ത്രി വാർത്താസമ്മേളനത്തിൽ പറഞ്ഞു. മുണ്ടക്കൈ-ചൂരൽമല പുനരധിവാസത്തിനായി ദേശീയ ദുരിതാശ്വാസ നിധിയിൽ നിന്നും 2,200 കോടി രൂപ അനുവദിക്കണമെന്ന കേരളത്തിൻറെ ആവശ്യവും അദ്ദേഹം കൂടിക്കാഴ്ചയിൽ ആവർത്തിച്ചു.

(വോയിസ്)

പ്രധാനമന്ത്രി ഉൾപ്പെടെ അഞ്ച് കേന്ദ്രമന്ത്രിമാരുമായാണ് മുഖ്യമന്ത്രി ന്യൂഡൽഹിയിൽ കൂടിക്കാഴ്ച നടത്തിയത്. സംസ്ഥാനം അഭിമുഖീകരിക്കുന്ന സുപ്രധാന പ്രശ്നങ്ങളിൽ കേന്ദ്രത്തിന് നിവേദനം സമർപ്പിച്ചതായും മുഖ്യമന്ത്രി പറഞ്ഞു.

RNU TVPM

**ഹൈക്കോടതി ശബരിമല**

ശബരിമലയിലെ സ്വർണ്ണപ്പാളിയിൽ നിന്നും 475 ഗ്രാമോളം സ്വർണം നഷ്ടമായെന്ന കണ്ടെത്തലിൽ അന്വേഷണത്തിന് നിർദേശം നൽകി കേരളാ ഹൈക്കോടതി. സംസ്ഥാന

പോലീസ് മേധാവിയെ കേസിൽ കക്ഷി ചേർത്തു. ദേവസ്വം വിജിലൻസ് നൽകിയ റിപ്പോർട്ട് പരിശോധിച്ച ശേഷമാണ് നടപടി. പ്രത്യേക അന്വേഷണ സംഘം രണ്ടാഴ്ചയിൽ ഒരിക്കൽ അന്വേഷണ പുരോഗതി കോടതിയെ അറിയിക്കണം. ആറാഴ്ചയ്ക്കുള്ളിൽ അന്വേഷണ റിപ്പോർട്ട് സമർപ്പിക്കണം എന്നും ഹൈക്കോടതി നിർദ്ദേശിച്ചു.

❁❁❁❁❁❁❁❁❁❁❁❁❁

**വി എ വാസവൻ -ഇൻട്രോ**

ശബരിമല സ്വർണപ്പാളി വിഷയത്തിൽ കുറ്റവാളികൾക്ക് ശിക്ഷ ഉറപ്പാക്കുമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. വിഷയത്തിൽ ഹൈക്കോടതിയുടെയും, സർക്കാരിൻറെയും നിലപാടുകൾ ഒന്നാണെന്നും അദ്ദേഹം പറഞ്ഞു. ദേവസ്വം ബോർഡിൻറെ പരാതിയിൽ എഫ്ഐആർ രജിസ്റ്റർ ചെയ്ത് പ്രത്യേക അന്വേഷണസംഘം ഇന്ന് തന്നെ അന്വേഷണം ആരംഭിക്കുമെന്ന് ദേവസ്വംമന്ത്രി വി എൻ വാസവൻ മാധ്യമങ്ങളോട് പറഞ്ഞു. കോടതി നിലപാട് സർക്കാരിനേറ്റ തിരിച്ചടിയല്ലെന്നും, ഉദ്യോഗസ്ഥ തലത്തിൽ നടന്ന കൊള്ളയാണിതെന്നും മന്ത്രി പ്രതികരിച്ചു.

(വോയിസ്)

RNU TVPM

ദേവസ്വം വിജിലൻസ് റിപ്പോർട്ടിൻറെ അടിസ്ഥാനത്തിലാണ് തിരുവിതാംകൂർ ദേവസ്വം ബോർഡ് ഇന്ന് സംസ്ഥാന പോലീസ് മേധാവിക്ക് പരാതി നൽകിയത്. ഹൈക്കോടതി വിധിയെ സ്വാഗതം ചെയ്യുന്നതായും ദേവസ്വം ബോർഡ് അറിയിച്ചു. കോടതി വിധി ആശ്വാസകരമാണെന്നും ഞെട്ടിക്കുന്ന സ്വർണക്കൊള്ളയാണ് നടന്നതെന്നും പ്രതിപക്ഷ നേതാവ് വി.ഡി സതീശൻ പറഞ്ഞു. ഇതുമായി ബന്ധപ്പെട്ട കേസുകൾ സിബിഐയ്ക്ക് കൈമാറണമെന്ന് ബിജെപി നേതാവ് പി.കെ കൃഷ്ണദാസ് ആവശ്യപ്പെട്ടു.

RIJU TVPM

**വഖഫ്**

മുനമ്പം ഭൂമി വിഷയത്തിൽ നിർണായക നിരീക്ഷണവുമായി ഹൈക്കോടതി. മുനമ്പത്തേത് വഖഫ് ഭൂമി അല്ലെന്ന് ഹൈക്കോടതി ഡിവിഷൻ ബെഞ്ച് നിരീക്ഷിച്ചു. മുനമ്പം വിഷയം പരിശോധിക്കാൻ പ്രത്യേക കമ്മീഷനെ നിയോഗിച്ച സംസ്ഥാനസർക്കാർ നടപടി റദ്ദാക്കിയ ഹൈക്കോടതി സിംഗിൾ ബെഞ്ച് ഉത്തരവ്, ഡിവിഷൻ ബെഞ്ച് റദ്ദാക്കി. സിംഗിൾ ബെഞ്ച് ഉത്തരവിനെതിരെ സർക്കാർ നൽകിയ അപ്പീലിൽ ആണ് ഡിവിഷൻ ബെഞ്ചിന്റെ അനുകൂല നിലപാട്. വിധിയുടെ അടിസ്ഥാനത്തിൽ മുനമ്പം ജനതയുടെ റവന്യൂ അധികാരങ്ങൾ എത്രയും വേഗം സംസ്ഥാന സർക്കാർ പുനസ്ഥാപിക്കണമെന്ന്

ബിജെപി സംസ്ഥാന അധ്യക്ഷൻ രാജീവ് ചന്ദ്രശേഖർ ആവശ്യപ്പെട്ടു.

## പൾസ് പോളിയോ

പോളിയോ നിർമ്മാർജനം ലക്ഷ്യമിട്ടുള്ള പൾസ് പോളിയോ പ്രതിരോധയജ്ഞം സംസ്ഥാനത്ത് മറ്റന്നാൾ നടക്കും. 5 വയസ്സിന് താഴെയുള്ള 21 ലക്ഷത്തിലധികം കുഞ്ഞുങ്ങൾക്ക് പ്രത്യേകം സജ്ജീകരിച്ച ബൂത്തുകൾ വഴി പോളിയോ തുള്ളിമരുന്ന് നൽകും. 22,383 ബൂത്തുകളാണ് ഇതിനായി പ്രവർത്തിക്കുക. 5 വയസ്സുവരെയുള്ള എല്ലാ കുഞ്ഞുങ്ങൾക്കും പോളിയോ നൽകി യജ്ഞത്തിൽ പങ്കാളികളാകണമെന്ന് ആരോഗ്യമന്ത്രി വീണാ ജോർജ് അഭ്യർത്ഥിച്ചു. സ്കൂളുകൾ, അങ്കണവാടികൾ, വായനശാലകൾ, സർക്കാർ ആരോഗ്യ സ്ഥാപനങ്ങൾ, സ്വകാര്യ ആശുപത്രികൾ എന്നിവിടങ്ങളിലെ ബൂത്തുകൾ ഞായറാഴ്ച രാവിലെ 8 മുതൽ വൈകുന്നേരം 5 മണി വരെയും ട്രാൻസിറ്റ് ബൂത്തുകൾ വൈകിട്ട് 8 മണിവരെയും പ്രവർത്തിക്കും.

## നോബൽ സമ്മാനം

സമാധാനത്തിനുള്ള 2025 ലെ നൊബേൽ സമ്മാനം പ്രഖ്യാപിച്ചു. . വെനസ്വേലയിലെ ജനാധിപത്യ അവകാശ

RNU TVPM

പ്രവർത്തക മരിയ കൊറീന മച്ചാഡോയ്ക്കാണ് പുരസ്കാരം. വെനസ്വേലയുടെ ഉരുക്ക് വനിതയായി അറിയപ്പെടുന്ന മച്ചാഡോ, പൗരാവകാശങ്ങളുമായി ബന്ധപ്പെട്ട ധീരമായ നിലപാടുകളുടെ ലാറ്റിൻ അമേരിക്കൻ പ്രതീകം കൂടിയാണ്.

❁❁❁❁❁❁❁❁❁❁❁❁❁

## രാഷ്ട്രപതി- ശബരിമല ദർശനം

രാഷ്ട്രപതി ദ്രൗപദി മുർമുവിൻറെ ശബരിമല ദർശനവുമായി ബന്ധപ്പെട്ട് ഒരുക്കങ്ങൾ ഊർജ്ജിതമാക്കി തിരുവിതാംകൂർ ദേവസ്വം ബോർഡ്. രാഷ്ട്രപതിയുടെ ദർശനത്തിനും വിശ്രമത്തിനുമുള്ള ക്രമീകരണങ്ങളാണ് ഒരുങ്ങുന്നത്. സന്നിധാനം , മരക്കൂട്ടം, പമ്പ, നിലയ്ക്കൽ നിലയ്ക്കൽ എന്നിവിടങ്ങളിലും തയ്യാറെടുപ്പുകൾ പുരോഗമിക്കുകയാണ്. ഈ മാസം 22 നാണ് രാഷ്ട്രപതിയുടെ ശബരിമല ദർശനം.

RNU TVPM

❁❁❁❁❁❁❁❁❁❁❁❁❁

## ജോർജ് കുര്യൻ

കേരളത്തിലേക്ക് കൂടുതൽ വന്ദേ ഭാരത് സർവീസുകൾ ആവശ്യപ്പെടുമെന്ന് കേന്ദ്രസഹമന്ത്രി ജോർജ് കുര്യൻ. മെമു സർവീസുകൾ വർധിപ്പിക്കുന്നതിനൊപ്പം, അധിക ബോഗികൾ അനുവദിക്കുമെന്നും അദ്ദേഹം കോഴിക്കോട് പറഞ്ഞു.

റെയിൽവേ വികസനത്തിനായി കേരളത്തിൽ ഭൂമി ഏറ്റെടുക്കുന്നതിന് ബുദ്ധിമുട്ടുകളുണ്ടെന്നും ശ്രീ ജോർജ് കുര്യൻ അറിയിച്ചു.

❁❁❁❁❁❁❁❁❁❁❁❁❁

**കുടുംബശ്രീ - മന്ത്രി എം ബി രാജേഷ്**

കുടുംബശ്രീയും, റിലയൻസ് ജിയോയുമായി കൈകോർത്ത് പതിനായിരം വനിതകൾക്ക് തൊഴിൽ നൽകുന്ന പദ്ധതിക്ക് സംസ്ഥാനത്ത് തുടക്കമായി. ഇതിനായി കുടുംബശ്രീയും റിലയൻസും തമ്മിൽ ധാരണാ പത്രം ഒപ്പുവച്ചതായി മന്ത്രി എം ബി രാജേഷ് തിരുവനന്തപുരത്ത് വാർത്താസമ്മേളനത്തിൽ പറഞ്ഞു . സ്കിൽഡ് തൊഴിലുകൾ, ഡിജിറ്റൽ ഉൽപന്നങ്ങളുടെ വിപണനം, വർക്ക് ഫ്രം ഹോമായി കസ്റ്റമർ കെയർ ടെലികോളിംഗ് ഉൾപ്പെടെയുള്ള തൊഴിലുകളിലേക്കാണ് കുടുംബശ്രീ വനിതകളുടെ സേവനം പ്രയോജനപ്പെടുത്തുക.

RNU TVPM

❁❁❁❁❁❁❁❁❁❁❁❁❁

**കേന്ദ്ര സഹ മന്ത്രി ജിതേന്ദ്ര സിങ്**

കേന്ദ്ര ശാസ്ത്ര വ്യവസായ ഗവേഷണ കൗൺസിലിനു കീഴിലുള്ള തിരുവനന്തപുരത്തെ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ഇന്റർ ഡിസിപ്ലിനറി സയൻസ് ആന്റ് ടെക്നോളജിയുടെ സുവർണ ജൂബിലി ആഘോഷം

ബുധനാഴ്ച പാപ്പനംകോട് നടക്കും. കേന്ദ്ര സഹ മന്ത്രി ജിതേന്ദ്ര സിങ് മുഖ്യാതിഥിയാകും.

## ടെസ്റ്റ് ക്രിക്കറ്റ്

ഇന്ത്യ- വെസ്റ്റ് ഇൻഡീസ് ടെസ്റ്റ് ക്രിക്കറ്റ് പരമ്പരയിലെ രണ്ടാം മത്സരത്തിലെ ആദ്യ ദിനം കളി അവസാനിക്കുമ്പോൾ ഇന്ത്യ രണ്ടു വിക്കറ്റിന് 318 റൺസ് എന്ന നിലയിൽ. 173 റൺസുമായി യശസ്വി ജയ്സ്വാളും 20 റൺസുമായി ശുഭ് മാൻ ഗില്ലുമാണ് ക്രീസിൽ. ടോസ് നേടിയ ഇന്ത്യ ബാറ്റിംഗ് തിരഞ്ഞെടുക്കുകയായിരുന്നു . രണ്ട് മത്സരങ്ങളുള്ള പരമ്പരയിലെ ആദ്യ വിജയം ഇന്ത്യക്കായിരുന്നു.

## രഞ്ജി ട്രോഫി

രഞ്ജി ട്രോഫിക്കുള്ള കേരള ടീമിനെ പ്രഖ്യാപിച്ചു. മുഹമ്മദ് അസറുദ്ദീൻ 15 അംഗ ടീമിനെ നയിക്കും. ബാബ അപരാജിതാണ് വൈസ് ക്യാപ്റ്റൻ. സഞ്ജു സാംസണും ടീമിൽ ഇടം നേടിയിട്ടുണ്ട്. ഈ മാസം 15-നാണ് രഞ്ജി ട്രോഫിയുടെ പുതിയ സീസൺ തുടങ്ങുക. കാര്യവട്ടം ഗ്രീൻഫീൽഡ് സ്റ്റേഡിയത്തിൽ നടക്കുന്ന ആദ്യ

RNU TVPM

മൽസരത്തിൽ മഹാരാഷ്ട്രയാണ് കേരളത്തിൻ്റെ എതിരാളികൾ.

❁❁❁❁❁❁❁❁❁❁❁❁❁

**ഓഹരി+സ്വർണം**

രാജ്യത്തെ ഓഹരിവിപണികൾ നേട്ടത്തിൽ വ്യാപാരം അവസാനിപ്പിച്ചു. സെൻസെക്സ് 329 പോയിൻറ് വർദ്ധിച്ച് 82,501 ലും നിഫ്റ്റി 104 ഉയർന്ന് 25,285 ലും വ്യാപാരം അവസാനിപ്പിച്ചു.

സ്വർണ വില പവന് ഇന്ന് ഉച്ച തിരിഞ്ഞ് 1,040 രൂപ വർദ്ധിച്ച് 90,720 രൂപയും ഗ്രാമിന് 11,340 രൂപയുമായി.

RNUTVPM

❁❁❁❁❁❁❁❁❁❁❁❁❁

**മഴ**

സംസ്ഥാനത്ത് ഒറ്റപ്പെട്ട ശക്തമായ മഴ തുടരും. പത്തനംതിട്ട, ഇടുക്കി, മലപ്പുറം, കോഴിക്കോട്, വയനാട്, ക ണ്ണൂർ ജില്ലകളിൽ കേന്ദ്ര കാലാവസ്ഥാ വകുപ്പ് ഇന്ന് മഞ്ഞ ജാഗ്രത നൽകി. 5 ജില്ലകളിൽ നാളെയും മറ്റന്നാളും മഞ്ഞ ജാഗ്രതയാണ്.

❁❁❁❁❁❁❁❁❁❁❁❁❁

**മൻ കി ബാത്-ടാലൻറ് ഹണ്ട്**

പ്രധാനമന്ത്രിയുടെ മൻ കി ബാത് പ്രഭാഷണ പരിപാടി ആസ്പദമാക്കിയുള്ള ടാലൻറ് ഹണ്ട് സീസൺ 6 ന് തിരുവനന്തപുരം ജില്ലയിലെ ഹൈസ്കൂൾ, ഹയർസെക്കൻഡറി വിഭാഗം വിദ്യാർത്ഥികൾക്ക് ഈ മാസം 20 വരെ രജിസ്റ്റർ ചെയ്യാം. കേന്ദ്ര യുവജനകാര്യ കായിക മന്ത്രാലയത്തിന് കീഴിലുള്ള മേരാ യുവ ഭാരതാണ് പരിപാടി സംഘടിപ്പിക്കുന്നത്.

**യാനം ട്രാവൽ ലിറ്ററേച്ചർ ഫെസ്റ്റിവൽ**

സംസ്ഥാന വിനോദസഞ്ചാരവകുപ്പിൻറെ നേതൃത്വത്തിൽ സംഘടിപ്പിക്കുന്ന "യാനം ട്രാവൽ ലിറ്ററേച്ചർ ഫെസ്റ്റിവൽ" ഈ മാസം 17 ന് വർക്കലയിൽ ആരംഭിക്കും . രാജ്യത്ത് തന്നെ ആദ്യമായി നടത്തുന്ന സഞ്ചാരസാഹിത്യോത്സവത്തിൽ ലോകത്തിൻ്റെ വിവിധ ഭാഗങ്ങളിൽ നിന്നുള്ള അൻപതോളം എഴുത്തുകാർ, ട്രാവൽ ജേണലിസ്റ്റുകൾ, വ്ലോഗർമാർ തുടങ്ങിയവർ പങ്കെടുക്കും.

RNUTVPM

RNIU TVPM